**ഭരണഭാഷ-മാതൃഭാഷ**

നം.ICDS/B1/9389/20

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി :07.09.2020
ഇ-മെയിൽ : directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

## താൽപ്പര്യ പത്രം ക്ഷണിക്കുന്നു

വനിത ശിശു വികസന വകുപ്പിന് കീഴിലെ സംയോജിത ശിശു വികസന പദ്ധതിയുടെ (ICDS mission) 2017-18,2018-19, 2019-20 സാമ്പത്തിക വർഷത്തെ മിഷൻ അക്കൗണ്ട് ഓഡിറ്റ് ചെയ്യുന്നതിന് അനുയോജ്യമായ ചാർട്ടേർഡ് അക്കൗണ്ടന്റിൽ നിന്നും താൽപ്പര്യപത്രം ക്ഷണിക്കുന്നു . കേരളത്തിലെ ഗർഭിണികളായ സ്ത്രീകൾ ,മുലയൂട്ടുന്ന അമ്മമാർ ,0 മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾ ,കൗമാരക്കാരായ പെൺകുട്ടികൾ എന്നിവരുടെ ക്ഷേമത്തിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കി വരുന്ന ബൃഹത്ത് പദ്ധതിയാണ് സംയോജിത ശിശു വികസന പദ്ധതി (ICDS ). വനിത ശിശു വികസന വകുപ്പിന് കീഴിൽ സംയോജിത ശിശു വികസന പദ്ധതി മിഷൻ മോഡിൽ സൊസൈറ്റിയായി 21.06.2014 ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കേന്ദ്ര സർക്കാർ സഹായത്തോടെ സംയോജിത ശിശു വികസന പദ്ധതിയിലൂടെ ഏകദേശം 500 കോടി രൂപയുടെ വിവിധ പദ്ധതികൾ സംസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു . പ്രധാൻ മന്ത്രി മാതൃ വന്ദന യോജന (60% കേന്ദ്രവിഷ്കൃതം), കുട്ടികൾക്ക് വേണ്ടിയുള്ള അനുപൂരക പോഷകാഹാര പദ്ധതി (50% കേന്ദ്രവിഷ്കൃതം) .നാഷണൽ ക്രഷ് സ്കീം (60% കേന്ദ്രവിഷ്കൃതം) എന്നിങ്ങനെയുള്ള വിവിധ പദ്ധതികൾ വ്യത്യസ്ത അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സഹായത്തോടെ സംയോജിത ശിശു വികസന പദ്ധതിയിലൂടെ സംസ്ഥാനത്തിൽ നടപ്പിലാക്കുന്നുണ്ട് .

സംയോജിത ശിശു വികസന പദ്ധതിയുടെ മിഷൻ ബൈലോ പ്രകാരം എല്ലാ വർഷവും അനുയോജ്യമായ ചാർട്ടേർഡ് അക്കൗണ്ടന്റിനെ ഓഡിറ്റ് നടത്തി സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കേണ്ടതായിട്ടുണ്ട് .ഇപ്രകാരം 2017-18, 2018-19, 2019-20 സാമ്പത്തിക വർഷത്തെ മിഷൻ അക്കൗണ്ട് ഓഡിറ്റ് ചെയ്യുന്നതിന് ചുവടെ പറയുന്ന നിബന്ധനകൾ പ്രകാരമുള്ള ചാർട്ടേർഡ് അക്കൗണ്ടന്റ് ഏജൻസികളിൽ നിന്നും താൽപ്പര്യ പത്രം ക്ഷണിക്കുന്നു .

1. സർക്കാർ ഏജൻസികളിൽ ഓഡിറ്റ് ചെയ്ത് 5 വർഷത്തെ പരിചയമുള്ള കമ്പനികളായിരിക്കണം .
2. ചുരുങ്ങിയത് 10 വർഷത്തെ പ്രവർത്തന പരിചയം ഉണ്ടായിരിക്കണം

താൽപ്പര്യ പത്രം അംഗീകരിക്കുന്നതും റദ്ദാക്കുന്നതും സംബന്ധിച്ച് അന്തിമ അധികാരം വനിത ശിശു വികസന ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും .

നിശ്ചിത യോഗ്യതയുള്ള ചാർട്ടേർഡ് അക്കൗണ്ടന്റ് ഏജൻസികളിൽ നിന്നുള്ള താൽപ്പര്യ പത്രം വനിത ശിശു വികസന ഡയറക്ടർ ,പൂജപ്പുര ,തിരുവനന്തപുരം എന്ന വിലാസത്തിൽ 18.09.2020 നകം ലഭ്യമാക്കേണ്ടതാണ്.

**വനിത ശിശു വികസന ഡയറക്ടർക്ക് വേണ്ടി**